**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഭൂരഹിതരായ പട്ടിക ജാതി തൊഴിലാളി കുടുംബങ്ങൾക്ക് ഒന്നു മുതൽ അഞ്ച് ഏക്കർ വരെ ഭൂമി നൽകാൻ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ; | (എ) | ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | 13-ാം പഞ്ചവത്സര പദ്ധതി (2017-22) പട്ടികജാതി വികസന വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിലെ ശിപാർശ പ്രകാരം പട്ടികജാതി വിഭാഗക്കാരായ ഭൂരഹിതരായ ഓരോരുത്തർക്കും കുറഞ്ഞത് 1 ഏക്കർ മുതൽ 5 ഏക്കർ വരെ ഉപജീവനത്തിനും സാമ്പത്തിക സുരക്ഷയ്ക്കും കൃഷി ചെയ്യാവുന്ന ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സാധ്യത ചൂണ്ടിക്കാണിക്കുന്നുണ്ട്. ടി വിഷയത്തിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |
| (സി) | പട്ടിക വിഭാഗക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ ഇൻഷ്യുറൻസ് സ്കീം നടപ്പിലാക്കാൻ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ; | (സി) | ശുപാർശ ചെയ്തിട്ടുണ്ട് |
| (ഡി) | ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ